# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളുടെ വികസന പദ്ധതി</u>

3012 ശ്രീ. പാലോട് രവി
.. എ. റ്റി. ജോര്‍ജ്
,, വി. റ്റി. ബല്‍റാം
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളേയും ഉള്‍പ്പെടുത്തി ബൃഹത്തായ വികസന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(സി) ഏതെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്കു ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ അടങ്കല്‍ തുക എത്രയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സസ്റ്റേയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോകജ്ട്</u>

3013 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സസ്റ്റേയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഇതിലേയ്ക്കായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്;

(ഡി) പ്രോജക്ടിന്റെ കീഴിലുളള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>കേരള സുസ്ഥിര നഗര വികസന പദ്ധതി</u>

3014 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ ഏതെല്ലാം കോർപ്പറേഷനുകളിൽ ആണ് കേരള സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി തുടങ്ങിയത് എന്നാണ്; എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് കരാറിൽ വ്യവസ്ഥയുണ്ടായിരുന്നത്; പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഏഷ്യൻ വികസന ബാങ്കിൽ നിന്നും എത്ര തുകയാണ് ധനസഹായമായി ലഭിച്ചത്; അതിൻപ്രകാരം ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മുടങ്ങിപ്പോയ പദ്ധതികൾ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

3015 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നഗര വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

നഗരസഭ കോർപ്പറേഷനുകളിലെ ഭരണ സുതാര്യത

3016 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭ കോർപ്പറേഷനിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) നഗരസഭാ ജീവനക്കാരിലെ ഒരു വിഭാഗത്തിന്റെ കെടുകാര്യസ്ഥതയും, അഴിമതിയും തടയുന്നതിന് പരിശീലന പദ്ധതി തയ്യാറാക്കുമോ;

(സി) നഗരസഭ കോർപ്പറേഷനുകളിലെ കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച പരാതികൾ ഒഴിവാക്കുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകി ആയത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സഹായത്തോടെയുള്ള നഗരസഭാ പദ്ധതികള്‍</u>

3017 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭകള്‍ക്ക് വരുമാനം നേടിത്തരുന്ന പദ്ധതികള്‍ ആസൂത്രണം ചെയ്യുകയും ഭൗതിക സാഹചര്യം ഒരുക്കുകയും ചെയ്താല്‍ പദ്ധതിക്കാവശ്യമായ പണം നല്‍കാന്‍ സര്‍ക്കാര്‍ സന്നദ്ധമാണോ; എങ്കില്‍ ഏതെല്ലാം തരം പദ്ധതികള്‍ക്കാണ് സഹായം ലഭ്യമാക്കുകയെന്നും ഇതിനായി പരമാവധി എന്തു തുക സഹായം അനുവദിക്കുമെന്നും വിശദമാക്കാമോ;

(ബി) ആറ്റിങ്ങല്‍ നഗരസഭ ഇത്തരം പദ്ധതി സമര്‍പ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കോർപ്പറേഷൻ, നഗരസഭ ഉപതെരഞ്ഞെടുപ്പുകളുടെ വിശദാംശങ്ങൾ</u>

3018 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോർപ്പറേഷൻ, നഗരസഭ എന്നിവിടങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ പാർട്ടിക്കും ലഭിച്ച സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

വഴിയോര കച്ചവടത്തിന് നിയന്ത്രണം

T3019 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വഴിയോര കച്ചവടത്തിന് നിയന്ത്രണമേര്‍പ്പെടുത്തി മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) വഴിയോര കച്ചവടത്തിന് രജിസ്ട്രേഷന്‍, സര്‍ട്ടിഫിക്കറ്റ് എന്നിവ നിര്‍ബന്ധമാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(സി) മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പാലിക്കാത്തവര്‍ക്കെതിരെ നിയമ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

അനധികൃതമായി നടത്തുന്ന നിർമ്മിതികൾ
ക്രമവൽക്കരിക്കാൻ നടപടി

3020 ശ്രീ. വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി നടത്തുന്ന നിർമ്മിതികൾ പരിശോധിച്ച് ക്രമവൽക്കരിക്കാനുദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളത്;

(സി) ചെറിയ വീഴ്ചകൾ വരുത്തിയിട്ടുളള നിർമ്മിതികൾക്ക് ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സുരക്ഷാ വീഴ്ചയുളള നിർമ്മിതികൾ ഇതിൽ നിന്നും ഒഴിവാക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ നടപടികൾ കമ്പ്യൂട്ടർ വൽക്കരിക്കാൻ പദ്ധതി</u>

3021 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെ കെട്ടിട നിർമ്മാണ നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>ക്ലീന്‍ കേരള കമ്പനി</u>

3022 ശ്രീ. ഹൈബി ഈഡന്‍
,, എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ക്ലീന്‍ കേരള കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) സംസ്ഥാന മാലിന്യ സംസ്കരണ പദ്ധതികള്‍ ആവിഷ്കരിക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>ക്ലീന്‍ സിറ്റി പദ്ധതി</u>

3023 ശ്രീ. വര്‍ക്കല കഹാര്‍
,, റ്റി. എന്‍. പ്രതാപന്‍
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ ക്ലീന്‍ സിറ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>'സിയാൽ' മാതൃകയിൽ മാലിന്യ സംസ്കരണ പദ്ധതികൾ</u>

3024 ശ്രീ. മുല്ലക്കര രത്നാകരൻ
'' വി. ശശി
'' ചിറ്റയം ഗോപകുമാർ
'' കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി 'സിയാൽ' മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയിൽ പൊതു പങ്കാളിത്തം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(സി) മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം ചുമതലകളാണ് കമ്പനിയിൽ നിക്ഷിപ്തമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പനിയുടെ മൂലധനം എത്രയായിരിക്കും; കമ്പനിയിൽ പൊതു പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

മാലിന്യസംസ്ക്കരണ പദ്ധതികൾ

3025 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാലിന്യ നിർമ്മാർജ്ജനത്തിനായി എത്ര തുക ചെലവഴിച്ചുവെന്നും, എന്തെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എവിടെയെല്ലാം മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഫൈറ്റോ റെമഡിയേഷൻ മാലിന്യ നിർമ്മാർജ്ജന സാങ്കേതികവിദ്യ

3026 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫൈറ്റോ റെമഡിയേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യം നിർമ്മാർജനം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഏതെല്ലാം ജില്ലകളിലാണ് ആദ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ചെലവ് സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>നഗര മാലിന്യസംസ്കരണം</u>

3027 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാറമടകളിൽ മാലിന്യം സംസ്കരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ചത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ രീതിയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് നഗരസഭകൾ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>മാലിന്യസംസ്കരണത്തിന് വേണ്ടി സർക്കാർതലത്തിൽ നടപടി സ്വീകരിച്ച മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും</u>

3028 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് സർക്കാർ മുൻകൈ എടുത്ത് മാലിന്യസംസ്കരണത്തിന് നടപടി എടുത്തിട്ടുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നത് പ്രതിരോധിക്കാൻ നടപടി</u>

T3029 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷം ആരംഭിച്ചതോടെ സംസ്ഥാനത്തെ പട്ടണങ്ങളിലേയും പാതയോരങ്ങളിലേയും മാലിന്യങ്ങൾ ഒഴുകി കിണറുകളും കുളങ്ങളും മലീമസമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സാഹചര്യം പ്രതിരോധിക്കാൻ എന്തെല്ലാം മലിനീകരണ നിയന്ത്രണ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തലസ്ഥാന നഗരത്തിൽ മഴക്കാലത്തെ വെള്ളക്കെട്ട്</u>

T3030

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിൽ മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തമ്പാനൂർ പഴവങ്ങാടി വഞ്ചിയൂർ വഴി പോകുന്ന പ്രധാന ഓടയിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പുതിയ ഓടകൾ നിർമ്മിച്ചാലും പ്രധാന ഓടയിലെ മാലിന്യം നീക്കം ചെയ്യാതെ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പ്രധാന ഓടയിലെ മാലിന്യം അടിയന്തിരമായി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ജൈവവൈവിധ്യ സംരക്ഷണം</u>

3031 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നഗരങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണത്തിന് നഗരസഭകൾ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ആധുനിക അറവുശാല</u>

3032 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മത്സ്യ-മാർക്കറ്റിന്റെ ഉത്ഘാടന വേളയിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ആധുനിക അറവുശാല അനുവദിയ്ക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി</u>

3033 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിലെ നഗരസഭകളിലോരോന്നിലും ഓരോ വർഷവും അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിക്കു വേണ്ടി എന്തു തുക അനുവദിച്ചുവെന്നും എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്നും അറിയിക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിൽ ഓരോ നഗരസഭയിലും എത്ര പേർ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഓരോ തൊഴിലാളിക്കും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ എം.എസ്.ഡി.പി. പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>

3034 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന എം.എസ്.ഡി.പി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ജില്ലയിൽ നടപ്പാക്കിയ പദ്ധതികളുടെ ബ്ലോക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പദ്ധതിയുടെ ഭൗതിക ലക്ഷ്യം എത്രയാണെന്നും ആയതിനുള്ള എസ്റ്റിമേറ്റ് എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിൽ ഫ്ളാറ്റുകൾക്ക് ലൈസൻസ്</u>

3035 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ നിർമ്മിക്കപ്പെടുന്ന ഫ്ളാറ്റുകൾക്ക് ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി മഴ വെള്ള സംഭരണി, മാലിന്യ സംസ്കരണ സംവിധാനം എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ നഗരത്തിൽ എത്ര ഫ്ളാറ്റുകളിൽ ഈ സംവിധാനം ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സംവിധാനം നിലവിലില്ലാത്ത ഫ്ളാറ്റുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ടൗണുകളുടെ മാസ്റ്റർ പ്ലാനുകൾ</u>

3036 ശ്രീ. ബി. സത്യൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ടൗണുകളുടെ മാസ്റ്റർ പ്ലാനുകളാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്;

(ബി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സഹായം തേടിയിരുന്നുവോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>നഗരസഭകളുടെ ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട്
സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

3037 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളുടെ ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം നഗരസഭകളിൽ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

നഗര വികസന അതോറിറ്റികളുടെ സ്ഥലങ്ങളും കെട്ടിടങ്ങളും

3038 ശ്രീ. കെ. മുരളീധരൻ
'' അൻവർ സാദത്ത്
'' വി. ഡി. സതീശൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരിച്ചെടുത്ത നഗര വികസന അതോറിറ്റികളുടെ സ്ഥലങ്ങളും കെട്ടിടങ്ങളും തിരിച്ചു നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സ്ഥലങ്ങളും കെട്ടിടങ്ങളും തിരിച്ചു നൽകാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) തിരിച്ച് നൽകുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും എങ്ങനെ പ്രയോജനപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ</u>

3039 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഘടന മാറ്റുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കാൻ പദ്ധതി</u>

3040 ശ്രീ. ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ
'' വർക്കല കഹാർ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏത് മാതൃകയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളും ധനസഹായങ്ങളുമാണ് ഇതു വഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കാൻ പദ്ധതി</u>

3041 ശ്രീ. സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏത് മാതൃകയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം സൗകര്യങ്ങളും ധനസഹായങ്ങളുമാണ് ഇതുവഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വനിതാ ശാക്തീകരണത്തിനായി സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം</u>

3042

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വനിതാ ശാക്തീകരണത്തിനായി സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായമായി എന്ത് തുകയാണ് നൽകിവരുന്നത്;

(ബി) ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നുള്ള ധനസഹായങ്ങൾ</u>

3043

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും ഏതെല്ലാം ധനസഹായങ്ങളാണ് അനുവദിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ബി) സഹായങ്ങൾ അനുവദിക്കുന്നതിന് അപേക്ഷ നല്കാനായി നിർദ്ദിഷ്ട ഫോറം ഉണ്ടോ; ഉണ്ടെങ്കിൽ ഫോമുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സി. എച്ച്. മുഹമ്മദ്കോയ സ്കോളര്‍ഷിപ്പ്</u>

3044 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നല്‍കുന്ന സി. എച്ച്. മുഹമ്മദ്കോയ സ്കോളര്‍ഷിപ്പ്, ഏതൊക്കെ വിഭാഗങ്ങളിലെ കുട്ടികള്‍ക്ക് എത്ര രൂപ ക്രമത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കോളര്‍ഷിപ്പിനായി കുട്ടികളെ തെരഞ്ഞെടുക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ?